STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
(SIEMAT-KERALA)
MG Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2461169
Website : www.siemat.kerala.gov.in E-mail : siematkeralatvm@gmail.com

"ഭരണഭാഷ മാതൃഭാഷ"

06/02/2020

നമ്പർ : സീമാറ്റ്/എ.ഡി.എ /938/2019

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡി.ജി.ഇ ഓഫീസ്
തിരുവനന്തപുരം

സർ,

വിഷയം : സീമാറ്റ്-കേരള- സ്റ്റേറ്റ് ലീഡർഷിപ്പ് അക്കാദമി, കേരള (SLAK)- സ്കൂൾ നേതൃത്വമാതൃകകൾക്കുള്ള അംഗീകാരത്തിനുള്ള നാമനിർദ്ദേശം സംബന്ധിച്ച് -

ഗവേഷണാത്മകമായ പ്രശ്നപരിഹാരങ്ങൾ തേടുന്ന സംവിധാനങ്ങളും പ്രക്രിയയും അട
ങ്ങിയ നേതൃത്വപരിശീലനസംവിധാനം കൊണ്ട് അധ്യാപകരെയും സ്കൂൾ നേതൃത്വത്തെയും
വിദ്യാർത്ഥികളെയും മറ്റ് നേതൃഘടകങ്ങളെയും സമ്പുഷ്ടമാക്കുന്നതിനുവേണ്ടി ദേശീയതലത്തിൽ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിങ് ആന്റ് അഡ്മിനിസ്ട്രേഷന്റെ (NIEPA)
ഭാഗമായി നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പ് (NCSL)ന് രൂപം നൽകിയിട്ടുണ്ട്.
സംസ്ഥാനതലത്തിൽ സീമാറ്റ്-കേരളയുടെ കീഴിൽ സ്ഥാപിതമാകുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാദ
മി-കേരള (SLAK)യാണ് സംസ്ഥാനതല സമാനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.
കാര്യക്ഷമമായ നേതൃത്വത്തിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണ്
സംസ്ഥാനത്ത് സ്കൂൾ ലീഡർഷിപ്പ് അക്കാദമിയുടെ പ്രവർത്തനം തുടങ്ങുന്നത്. അക്കാദമിയുടെ
ആദ്യപരിപാടി എന്ന നിലയിൽ മികച്ച സ്കൂൾ നേതൃത്വങ്ങളെ കണ്ടെത്തി അംഗീകരിക്കുന്ന ഒരു
പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. ഗവേഷണാത്മകവും, വേറിട്ടതുമായ പദ്ധതികൾക്ക് കൂട്ടായി
നേതൃത്വം നൽകി പരിമിതികൾ മറികടന്ന് വിജയഗാഥ രചിച്ച വിദ്യാലയങ്ങളെ മാതൃകകളായി
അവതരിപ്പിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന എല്ലാ
വിദ്യാലയങ്ങളെയും നാമനിർദ്ദേശം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആയതിന്റെ വിശ
ദാംശമടങ്ങിയ അറിയിപ്പ് ഇതോടൊപ്പം വയ്ക്കുന്നു. പ്രസ്തുത അറിയിപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീ
സർമാർക്കും(എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ., ആർ.ഡി.ഡി., എ.ഡി., ഡയറ്റ് പ്രിൻസിപ്പൽ)
ഇ-മെയിൽ മുഖാന്തിരം നൽകണമെന്നും, കോൺഫറൻസുകളിൽ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട
ഓഫീസർമാരുടെയും സ്കൂൾ മേധാവികളുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ഔദ്യോഗിക
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്കൂൾ നേതൃത്വമാതൃകകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ
നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

9544178153 (അനന്തകുമാർ.എസ്, നോഡൽ ഓഫീസർ, SLAK)

വിശ്വസ്തതയോടെ,

ഡയറക്ടർ

പകർപ്പ് : ഡി.ഡി.ഇ/ഡയറ്റ് പ്രിൻസിപ്പൽ/ആർ.ഡി.ഡി/എ.ഡി/ഡി.ഇ.ഒ/എ.ഇ.ഒ

Scanned with CamScanner

# അറിയിപ്പ്

സംസ്ഥാനത്ത് വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന വിവിധതരം സ്കൂളുകൾ മികച്ച നേതൃത്വത്തിന്റെ ഫലമായി മാതൃകാപരമായ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. അത്തരം മാതൃകകൾ കണ്ടെത്തി അവയ്ക്ക് നേതൃത്വം നൽകിയവരെ ആദരിക്കുകയും പ്രവർത്തനമാതൃകകൾ ഡോക്യുമെന്റ് ചെയ്ത് പങ്കുവയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിറുത്തി എല്ലാവർഷവും മാതൃകകൾ കണ്ടെത്തുന്ന പ്രവർത്തനം നടപ്പിലാക്കാവുന്നതാണ്. കൂട്ടായ്മയിലൂടെയും ജനാധിപത്യരീതിയിലൂടെയുമുള്ള നേതൃത്വം എന്ന കാഴ്ചപ്പാട് മുൻനിറുത്തിയാണ് മാതൃകകൾ തിരഞ്ഞെടുക്കേണ്ടത്.

| | | |
|---|---|---|
| അപേക്ഷ നൽകാനുള്ള അവസാന തീയതി | : | ഫെബ്രുവരി 29 |
| വിദഗ്ധസമിതിയുടെ ഫീൽഡ്തല പരിശോധന | : | മാർച്ച് 15-30 |
| പുരസ്കാര നിർണയം | : | ഏപ്രിൽ 10 |

**തിരഞ്ഞെടുക്കുന്ന മാതൃകകൾ**

1. HSS / VHSE തലം
2. HS തലം
3. UP തലം
4. LP തലം

ഇവയ്ക്കു പുറമെ സവിശേഷമേഖലകളിൽ വ്യത്യസ്ത മാതൃകകൾക്കും അംഗീകാരം നൽകുന്നതാണ്. (തീരദേശം, ട്രൈബൽമേഖല, ഗ്രാമം, നഗര പിന്നോക്കമേഖല)

സ്കൂൾ നേതൃത്വമാതൃകകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ശ്രീ.അനന്തകുമാർ.എസ് (നോഡൽ ഓഫീസർ, SLAK) നെ ബന്ധപ്പെടാവുന്നതാണ്. മൊബൈൽ നമ്പർ: 9544178153

പൂരിപ്പിച്ച അപേക്ഷകൾ അയക്കേണ്ട വിലാസം

ഡയറക്ടർ
സീമാറ്റ്-കേരള
എം.ജി. റോഡ്, ഈസ്റ്റ് ഫോർട്ട്
തിരുവനന്തപുരം- 695036

തപാലിൽ പൂരിപ്പിച്ച അപേക്ഷ അയയ്ക്കുമ്പോൾ കവറിന് പുറത്ത് സ്കൂൾ ലീഡർഷിപ്പ് അക്കാദമി-കേരള എന്ന് എഴുതേണ്ടതാണ്. പ്രഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Scanned with CamScanner

സീമാറ്റ് – കേരള

സ്കൂൾ നേതൃത്വമാതൃകകൾക്കുള്ള അംഗീകാരം 2020 – 21

പ്രൊഫോർമ

I വിദ്യാലയം സംബന്ധിച്ച വിവരങ്ങൾ :

1. പേര് :

2. മേൽവിലാസം :

3. പ്രദേശം (ഗ്രാമം, നഗരം, തീരദേശം, ട്രൈബൽമേഖല, മലയോരമേഖല)

4. മാനേജ്മെന്റ്: (ഗവൺമെന്റ്, എയ്ഡഡ്)

5. വിഭാഗം: LP, UP, HS, HSS, VHSE

6. തരം : (ആൺ, പെൺ, മിക്സഡ്)

7. കുട്ടികളുടെ എണ്ണം

| | Boys | Girls | TG | Total | SC | | | | ST | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | B | G | TG | T | B | G | TG | T |
| I-IV | | | | | | | | | | | | |
| V-VII | | | | | | | | | | | | |
| VIII- X | | | | | | | | | | | | |
| HSS | | | | | | | | | | | | |
| VHSE | | | | | | | | | | | | |

Scanned with CamScanner

പുറത്തെഴുത്ത് നമ്പർ: QIP(2)/4146/2020/DGE dtd 11/02/2020

ഇതിന്റെ പകർപ്പും ഉള്ളടക്കവും അറിവിലേയ്ക്കും അനന്തര നടപടികൾക്കും വേണ്ടി അയയ്ക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രധമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

Scanned with CamScanner